കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചാലിയാർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.5/1989/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.08-10-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

ചാലിയാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചാലിയാർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തി വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.10/18

നം. കെ.എസ്.എ.എം.പി.എം.5/1989/2018 തിയ്യതി:08-10-2018

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.06.2017 മുതൽ 04.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ.ഷാജഹാൻ.എ.എസ് , ഡപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05.07.2018 മുതൽ 19.07.2018വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. മുഹമ്മദ് സലീം.ടി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |
| ശ്രീ.സുജാത. എം. | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി.ടി.ഉസ്മാൻ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സിദ്ധിക് വടക്കൻ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.സിദ്ധിക് വടക്കൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. നൗഷാദലി. ഡി. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. ഹസീന.എൻ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. നിഖിൽ റോഷ്. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ. ബീന. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.പി.ഷെർളി | 01.04.2017 മുതൽ 20.06.2017 വരെ |
| | ശ്രീമതി.ബേബി.പി.ജോർജ് | 21.06. 2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അനൂബ്.ടി.എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിന്ധ്യ. പി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഷാഹിന.ടി.എം. | 01.04.2017 മുതൽ 05.10.2017 വരെ |
| | ശ്രീമതി. അസ്മാബി.പി. | 06.10.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.മുഹ്സിന മുഹമ്മദ് | 01.04.2017 മുതൽ 30.11.2017 വരെ |
| | ശ്രീ. ഉമ്മർകോയ.റ്റി | 01.12.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | മുജീബ് റഹ്മാൻ.കെ.വി | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ. | 1-12 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-1 | |
| 14 | പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല. | 2-2 | |
| 15 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. | 2-3 | |

| | | | |
|---|---|---|---|
| 16 | ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല | 2-4 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ഗുണഭോക്തൃ വിഹിതമായി കണക്കാക്കി. | 3-1 | |
| 18 | കണ്ടിജൻസി ചെലവുകൾക്കായി മുൻകൂർ അനുവദിച്ച തുക – വിനിയോഗത്തിൽ ഏകീകൃത സ്വഭാവമില്ല. | 3-2 | |
| 19 | പൊതു മരാമത്ത് പ്രവൃത്തികൾ; പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും വികസന സ്റ്റാന്റിങ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമല്ല. | 3-3 | |
| 20 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ നിന്നും വാറ്റ് പിടിച്ചില്ല | 3-4 | |
| 21 | പ്ലാക്കൽ ചോല സാംസ്കാരിക നിലയം-ഫണ്ട് വിനിയോഗത്തിലെ അനാസ്ഥ കാരണം ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ല. | 3-5 | |
| 22 | റോഡ് കോൺക്രീറ്റ് പ്രവൃത്തി -ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു. | 3-6 | |
| 23 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - വിവിധ അപാകതകൾ . | 3-7 | |
| 24 | പൊതുവിദ്യഭ്യാസ സംരക്ഷണയജ്ഞം -സമഗ്ര വിദ്യഭ്യാസ സഹായപദ്ധതി (ടി.എസ്.പി )- പദ്ധതി നിർവ്വഹണത്തിലെ അപാകത | 3-8 | |
| 25 | ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമായില്ല | 3-9 | |
| 26 | ഹെമറ്റോളജി അനലൈസർ -അധികം വില നൽകിയത് സംബന്ധിച്ച്. | 3-10 | |

| | | | |
|---|---|---|---|
| 27 | ആശ്രയ പദ്ധതി-ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിച്ചില്ല | 3-11 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 35 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 29.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 30.04.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-06-2017, 14-06-2017 വരെ | കെ.എസ്.എ.എം.പി.എം.5/1090/2018 തി:03-07-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18946131 |
| വരവ് | 69202468 |
| ആകെ | 88148599 |
| ചെലവ് | 81497228 |
| നീക്കിയിരുപ്പ് | 6651371 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 17655619 | 17655619 | 16137039 | 1518580 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 2790296 | 2790296 | 2122682 | 667614 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 5375815 | 5375815 | 5363878 | 11937 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 11957384 | 11957384 | 11925583 | 31801 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 4627440 | 4627440 | 4627440 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 8968443 | 8968443 | 8820164 | 148279 |
| പെർഫോമൻസ് ഗ്രാന്റ് | | 0 | 4111093 | 4111093 | 3626642 | 484451 |
| സാക്ഷരത | | 18182 | 0 | 18182 | 0 | 18182 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എൻ. ആർ. ഇ. ജി.എസ്. | | 57006 | 11072431 | 11129437 | 11062093 | 67344 |
| പൈക്ക | | 0 | 0 | 0 | 0 | 0 |
| ജോയന്റ്വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 510000 | 510000 | 725000 | 585000 |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാപഞ്ചായത്ത് | 0 | 800000 | 800000 | | |
| ബി. ഫണ്ട് | | 0 | 32761780 | 32761780 | 32761780 | 0 |
| ജലനിധി | | 1116411 | 46099 | 1162510 | 0 | 1162510 |
| സാനിറ്റേഷൻ | | 613786 | 949934 | 1563720 | 195500 | 1368220 |
| അന്വമല ടി.എസ്.പി. | | 118468 | 4790 | 123258 | 0 | 123258 |
| പശ്ചിമഘട്ട പദ്ധതി | | 111825 | 3892 | 115717 | 28099 | 87618 |
| ജനറൽ പർപ്പസ് ഗ്രാന്റ്. | | 11832604 | 6930000 | 18762604 | 17885724 | 876880 |
| തനത് ഫണ്ട് ബാങ്ക് | | 3525543 | 7389289 | 10914832 | 8041591 | 2873241 |
| എസ്.ടി.കോർപ്പസ് ഫണ്ട് | | 1516254 | 23332 | 1539586 | 1500387 | 39199 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 82063668 | 169 | 57793256 | 0 | 38 | 81.64 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 57006 | 769431 | 826437 | 759093 | 67344 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത്, | | 10303000 | 10303000 | 10303000 | |
| ആകെ | 57006 | 11072431 | 11129437 | 11062093 | 67344 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 88680 | 150 |
| കർഷകതൊഴിലാളി പെൻഷൻ | 4760000 | 391 |
| വിധവാപെൻഷൻ | 10741700 | 897 |
| വാർദ്ധക്യകാലപെൻഷൻ | 13045100 | 1006 |
| വികലാംഗപെൻഷൻ | 3245100 | 294 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 656200 | 54 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5196/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 5 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 9 | പാർട്ട് ടൈം ലൈബ്രേറിയൻ | 1 |

2017-2018 സാമ്പത്തിക വർഷം ഒരു ക്ലർക്ക് തസ്തിക സ്ഥിരമായും ഹെഡ് ക്ലാർക്ക് തസ്തിക 2017 ഏപ്രിൽ മുതൽ സപ്തംബർ വരെയും ഒഴിഞ്ഞുകിടന്നിരുന്നു.

01.04.2017 ലെ ഉത്തരവ് നം 1/2017പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. നിലവിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുണ്ട്.. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 7 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിലും വിഭവങ്ങളുടെ ലഭ്യതയും ഓരോ മേഖലയിലെയും ചെലവ് ആവശ്യങ്ങളും ബഡ്ജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിലയിരുത്തി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച ഫയലോ രേഖകളോ ലഭ്യമല്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട്സുകളും അക്കൗണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി അക്കൗണ്ടൊഴികെ സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. 8.3.2018 -ന ആരംഭിച്ച പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി അക്കൗണ്ടിൽ 31.3.2018 -ന 6105 രൂപ വർഷാന്ത്യബാക്കിയുണ്ട്. ചില അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല.

സ്ഥാപനത്തിന്റെ നികുതി,നികുതിയേതര വരുമാനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്വെയർ മുഖേനയാണ്. സ്ഥാപനം നികുതി പരിവ് കാര്യക്ഷമമായി നടത്തുന്നുണ്ട്. തൻ വർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ പി എച്ച് സി, ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് പണം നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2017-18-ൽ പഞ്ചായത്ത് ഭരണസമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.06.2018 | 2018 ജനുവരി | 26.06.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല. | | |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ.

1. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നൽകുന്ന ഗ്രാന്റിനങ്ങളിലെ ചെലവ് തുകകൾ അവർ നൽകുന്ന വിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷികക്കണക്കിൽ ഉൾപ്പെടുത്തുന്നത്. ഈ ചെലവ് തുകകൾ വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ കാഷ്ബുക്കിലോ ബാങ്ക് ബുക്കുകളിലോ ഈ തുകകൾ ഉൾപ്പെട്ടു കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക |
|---|---|
| 21700945/2.3.2018 | 55700 |

| | |
|---|---|
| 21700946/2.3.2018 | 50000 |
| 21700947/5.3.2018 | 134820 |
| 21700948/5.3.2018 | 33300 |
| 21700949/5.3.2018 | 259295 |

2. വാർഷിക കണക്ക് പ്രകാരം ആകെ കാഷ്/ബാങ്ക് ബാലൻസ് 6651371/-രൂപ മാത്രമാണ്. എന്നാൽ സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റ് പത്രിക പ്രകാരമുള്ള ബാധ്യത 8355982/-രൂപയുണ്ട്.

3.വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5.മറ്റുള്ള ഫണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള, ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളുടെ വിവരങ്ങൾ പരിശോധിക്കാനാവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. ഫൈനൽ ബില്ല്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകാത്ത താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തി Advance to implimenting agencies എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം അതാത് ശീർഷകത്തിൽ തന്നെയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക | ഏജൻസി |
|---|---|---|---|
| 201/18 | പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനുള്ള തുക KSEB യിൽ ഡെപ്പോസിറ്റ് ചെയ്യുന്നത്. | 15,07,500 | കെ.എസ്.ഇ.ബി |

7.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡയറി രജിസ്റ്റർ (അനുബന്ധം - B- IV) എഴുതി സൂക്ഷിക്കുന്നില്ല.

8. മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

9.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2017-18 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്ന് മുൻവർഷത്തിലും നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ നികുതി ഈടാക്കി വിവരം അറിയിക്കുവാൻ 2016 – 17 വർഷ ഓഡിറ്റ് റിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കുവാൻ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയും നിർദ്ദേശപ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്ന് സ്ഥാപന നികുതി ഈടാക്കേണ്ടതാണ്.

## 2-2 പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ചാലിയാർ ഗ്രാമപഞ്ചായത്തിൽ തനതുഫണ്ട് അക്കൗണ്ടിൽ (കെ.ജി.ബി എരഞ്ഞിമങ്ങാട് അക്കൗണ്ട് നമ്പർ. 7921 ) നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ / തിയ്യതി | തുക | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| 1 | 21557/31.05.2017 | 21250 | 31.05.2017 | 31.08.2017 |
| 2 | 22052/12.01.2017 | 4970 | 12.01.2017 | 12.10.2017 |
| 3 | 22429/06.12.2017 | 334 | 06.12.2017 | 12.12.2017 |
| 4 | 22430/06.12.2017 | 180 | 06.12.2017 | 12.12.2017 |
| 5 | 22701/06.12.2017 | 2536 | 06.12.2017 | 15.12.2017 |
| 6 | 22704/12.12.2017 | 3000 | 12.12.2017 | 15.12.2017 |
| 7 | 22707/12.12.2017 | 4904 | 12.12.2017 | 15.12.2017 |
| 8 | 22709/15.12.2017 | 10000 | 15.12.2017 | 18.12.2017 |
| 9 | 22710/15.12.2017 | 7800 | 15.12.2017 | 18.12.2017 |
| 10 | 22711/15.12.2017 | 2660 | 15.12.2017 | 18.12.2017 |
| 11 | 22955/09.01.2018 | 12680 | 09.01.2018 | 11.01.2018 |
| 12 | 23560/06.03.2018 | 12000 | 06.03.2018 | 08.03.2018 |
| 13 | 23251/ 01.02.2018 | 20000 | 01.02.2018 | 02.02.2018 |
| 14 | 23252/ 01.02.2018 | 18500 | 01.02.2018 | 02.02.2018 |
| 15 | 23253/ 01.02.2018 | 21000 | 01.02.2018 | 02.02.2018 |
| 16 | 23461/ 08.02.2018 | 18093 | 08.02.2018 | 09.02.2018 |
| 17 | 23554/ 02.03.2018 | 7686 | 02.03.2018 | 05.03.2018 |
| 18 | 23555/ 02.03.2018 | 500 | 02.03.2018 | 05.03.2018 |
| 19 | 23556/ 02.03.2018 | 750 | 02.03.2018 | 05.03.2018 |
| 20 | 23756/ 14.03.2018 | 8858 | 14.03.2018 | 15.03.2018 |
| 21 | 23757/ 14.03.2018 | 30000 | 14.03.2018 | 15.03.2018 |
| 22 | 23763/ 22.03.2018 | 10760 | 22.03.2018 | 23.03.2018 |
| 23 | 23764/ 22.03.2018 | 9250 | 22.03.2018 | 23.03.2018 |
| 24 | 23766/ 22.03.2018 | 9250 | 22.03.2018 | 23.03.2018 |
| 25 | 23767/ 22.03.2018 | 14965 | 22.03.2018 | 23.03.2018 |

| ക്രമ നമ്പർ | ചെക്ക് നമ്പർ / തിയ്യതി | തുക | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| 26 | 23768/ 22.03.2018 | 1785 | 22.03.2018 | 23.03.2018 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും പരിശോധിക്കുന്നില്ല. വരവ് ചെലവ് കണക്കുകൾ യഥാസമയം അക്കൗണ്ട് ചെയ്യപ്പെടാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.14/ 18.07.2018 ) വരവ് ചെലവ് കണക്കുകളിൽ ചെക്ക് കൈപ്പറ്റുന്ന തിയതിക്ക് പെയ്മെന്റ് ചെയ്യണം എന്ന് ഐ.കെ.എം അക്കൗണ്ട് പരിശീലന പരിപാടിയിൽ നിന്ന് മനസ്സിലാക്കിയതിനാലാണ് ഇപ്രകാരം ചെയ്തതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് അംഗീകരിക്കാവുന്നതല്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-3 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്.

(2) ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്ക്യുപെൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ , ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ , പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

(3).ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(6).കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.09/16.07.2018) ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട്

സമയബന്ധിതമായി സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 ഇ.ടെണ്ടർ പ്രവൃത്തികൾ - ടെണ്ടർ ഫോറം വില ലഭ്യമായില്ല

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, ചാലിയാർ ഗ്രാമപഞ്ചായത്ത് 2017-18വർഷത്തിൽ ടെണ്ടർ ചെയ്ത 16 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചാത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ടെണ്ടർ സമർപ്പിച്ചവരുടെ പേരുവിവരവും തുകയും താഴെ ചേർക്കുന്നു.

| ടെണ്ടർ സമർപ്പിച്ചത് | ടെണ്ടർ ഫോമിന്റെ വില | ടെണ്ടർ സമർപ്പിച്ച തീയതി |
|---|---|---|
| ജാബിർ റഷീദ് | 1000 | 23.08.2017 |
| | 1000 | 23.08.2017 |
| | 1000 | 23.08.2017 |
| | 1000 | 23.08.2017 |
| പി.എം.ഖാലിദ് | 1300 | 23.08.2017 |
| അനിൽ റോസ് | 1300 | 23.08.2017 |
| ലാൽ വി.എ | 1000 | 23.08.2017 |
| ജാബിർ റഷീദ് | 1400 | 23.08.2017 |
| ലാൽ വി.എ | 1200 | 23.08.2017 |
| പി.കെ ഹുസൈൻ | 1300 | 23.08.2017 |
| ജാബിർ റഷീദ് | 1300 | 23.08.2017 |
| നിസാമുദ്ദീൻ കെ | 1400 | 23.08.2017 |
| അസീസ്.ഇ.എം | 1800 | 23.08.2017 |
| | 1000 | 23.08.2017 |
| ജി.എം.ഹൗസ് | 1000 | 23.08.2017 |
| പ്രസാദ്.ഇ | 1000 | 23.08.2017 |
| ജി.എം.ഹൗസ് | 1400 | 23.08.2017 |
| വിശ്വനാഥൻ.കെ | 1400 | 23.08.2017 |
| നജീബുദ്ദീൻ | 1800 | 23.08.2017 |
| | 1000 | 23.08.2017 |
| ഹംസ.PK | 1000 | 23.08.2017 |
| നിസാമുദ്ദീൻ കെ | 1000 | 23.08.2017 |
| പി.കെ ഹുസൈൻ | 1800 | 23.08.2017 |
| നിസാമുദ്ദീൻ കെ | 1400 | 23.08.2017 |

| | | |
|---|---|---|
| പി.കെ ഹുസൈൻ | 1200 | 24.08.2017 |
| സാജു ജോസഫ് | 1000 | 24.08.2017 |
| | 1200 | 24.08.2017 |
| ജിജു.പി | 1200 | 24.08.2017 |
| | 1000 | 24.08.2017 |
| ജെയിംസ്.എൻ.എസ് | 1000 | 25.08.2017 |
| അസീസ്.ഇ.എം | 2400 | 18.09.2017 |
| | 2000 | 26.10.2017 |
| കെ.സി.രാജഗോപാലൻ | 1200 | 14.11.2017 |
| ആബിദ് കോയ | 1200 | 15.11.2017 |
| | 1200 | 15.11.2017 |
| നജീബുദ്ദീൻ | 1200 | 15.11.2017 |
| | 1200 | 15.11.2017 |
| അസീസ്.ഇ.എം | 1400 | 23.12.2017 |
| നജീബുദ്ദീൻ | 1400 | 25.12.2017 |
| ആകെ | 52800 | |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ഗുണഭോക്തൃ വിഹിതമായി കണക്കാക്കി.

വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചത് പ്രകാരം രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ ഫോറം വാങ്ങിയ വിലയും ഇ.എം.ഡി യും അടവാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | രശീതി നമ്പർ / തിയ്യതി | തുക | വിവരണം |
|---|---|---|---|
| ജെ.ജെ.ഫാർമ | 5035/67 തി.14.03.2018 | 560 | ടെണ്ടർ ഫോറം വില – 500 രൂപ, ജി.എസ്.ടി - 60 രൂപ |
| ജോൺസൺ മെഡിക്കൽ സ്റ്റോർ | 5035/68 തി.14.03.2018 | 560 | ടെണ്ടർ ഫോറം വില – 500 രൂപ, ജി.എസ്.ടി - 60 രൂപ |
| ജോൺസൺ മെഡിക്കൽ സ്റ്റോർ | 5035/69 തി.14.03.2018 | 1000 | ഇ.എം.ഡി |

എന്നാൽ ഇപ്രകാരം പിരിച്ചെടുത്ത തുക മറ്റുള്ള പദ്ധതികൾക്ക് വേണ്ടി ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതങ്ങളുടെ കൂടെ 'Beneficiary contribution' എന്ന ശീർഷകത്തിലാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനവും അതിന്റെ കൂടെ ഈടാക്കിയിട്ടുള്ള ജി.എസ്.ടി കേന്ദ്ര/സംസ്ഥാന സർക്കാരിലേക്ക് അടവാക്കേണ്ട തുകയും ഇ.എം.ഡി ഡെപ്പോസിറ്റ് തുക ഡെപ്പോസിറ്റ് ആയി അക്കൗണ്ട് ചെയ്യേണ്ടതുമായതിനാൽ ഗുണഭോക്തൃവിഹിതമായി ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-2 കണ്ടിജൻസി ചെലവുകൾക്കായി മുൻകൂർ അനുവദിച്ച തുക – വിനിയോഗത്തിൽ ഏകീകൃത സ്വഭാവമില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കാവശ്യമായ തുക മുൻകൂറായി നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.04.2017 ലെ സ.ഉ(എം.എസ്) 80/2017 നമ്പർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം അനുവദിയ്ക്കുന്ന തുകയുടെ സൂക്ഷിപ്പ് , വിനിയോഗം എന്നിവ സംബന്ധിച്ച് ഉത്തരവിൽ പരാമർശിക്കുന്നില്ല. വ്യക്തമായ നിർദ്ദേശത്തിന്റെ അഭാവം ഉദ്യോഗസ്ഥർ വ്യത്യസ്ത രീതിയിൽ പണം കൈകാര്യം ചെയ്യുന്നതിന് ഇടയാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക അനുവദിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ ചില സ്ഥാപനങ്ങൾ ലഭിച്ച തുക പണമായി കയ്യിൽ സൂക്ഷിച്ച് അതിൽ നിന്ന് ചെലവഴിയ്ക്കുകയും മറ്റ് സ്ഥാപനങ്ങൾ പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിച്ച് അതിൽ ക്രെഡിറ്റ് ചെയ്ത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം വകുപ്പ് തലത്തിൽ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

## 3-3 പൊതു മരാമത്ത് പ്രവൃത്തികൾ; പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും വികസന സ്റ്റാന്റിങ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമല്ല.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 137 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 109 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 28 എണ്ണം ഉപേക്ഷിച്ചു. ജി.ഒ (എം.എസ്)72/2017 തസ്വഭവ തീ. 29.03.2017-13-ാം പഞ്ചവൽസര പദ്ധതി-പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ പ്രൊജക്ടിന്റെയും പ്രായോഗികത, വിജയസാധ്യത, ഫലപ്രാപ്തി എന്നിവ ചർച്ച ചെയ്ത് ഉറപ്പു വരുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫണ്ട് വകയിരുത്തുകയും പ്രൊജക്ട് രൂപീകരിക്കുകയും ചെയ്തതിനു ശേഷം പ്രൊജക്റ്റുകൾ ഉപേക്ഷിക്കേണ്ടി വരുന്നത് ആശാസ്യമല്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. 2017-18വർഷത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 3 തവണയാണ് യോഗം ചേർന്നിട്ടുള്ളത്. വാർഡടിസ്ഥാനത്തിൽ ചെയ്യേണ്ട പ്രവൃത്തികളുടെ പേരുകൾ എഴുതുക മാത്രമാണ് ചെയ്തിട്ടുള്ളത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്റ്റുകൾ ഒഴിവാക്കി പ്രൊജക്റ്റുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതും പരിഗണിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 2017-18വർഷത്തിൽ 12 യോഗങ്ങൾ ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിച്ച പ്രൊജക്റ്റുകൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും യോഗങ്ങളിൽ പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയൊന്നും ചർച്ചചെയ്തതായി കാണുന്നില്ല. പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

ടെണ്ടർ നടപടി ക്രമങ്ങൾ; മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ല

2017-18 വർഷത്തിൽ ടെണ്ടർ മുഖേന നിർവ്വഹിച്ച പൊതുമരാമത്ത് പ്രവർത്തികളിൽ നാമമാത്രമായ പ്രവൃത്തികൾക്കൊഴികെ ഭൂരിഭാഗം പ്രവൃത്തികളിലും രണ്ടു പേരാണ് ടെണ്ടർ സമർപ്പിച്ചത്. ടെണ്ടർ സമർപ്പിച്ചതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിന് മുകളിലും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്.. ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. ടി വിവരങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ

പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ലെന്ന് വ്യക്തമാവുന്നു. ടെണ്ടർ നടപടികളിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കാനും അത് വഴി പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പ് വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ നിന്നും വാറ്റ് പിടിച്ചില്ല

2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ ഭൂരിഭാഗം പ്രവൃത്തികളുടെയും ബില്ലിൽ നിന്നും 5%VAT, 2% IT, 1% KCWWF എന്നിവ പിടിച്ചിട്ടുണ്ട്. എന്നൊൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും VAT റിക്കവറി നടത്തിയിട്ടില്ല. പ്രവൃത്തികൾക്കെല്ലാം 7.5% Over head charge നിരക്കിനൊപ്പം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിശദവിവരം | മൂല്യനിർണ്ണയ തുക | ബിൽ നം, ചെക്ക് നം./തീയതി | 5% VAT |
|---|---|---|---|
| പ്രൊജക്ട് നം.186/18-എരഞ്ഞിമങ്ങാട് അംഗൻവാടിക്ക് ചുറ്റുമതിൽ | 299776 | 01/17-18/15.01.18 | 14989 |
| പ്രൊജക്ട് നം.77/18 പണപ്പൊയിൽ ബദൽസ്കൂൾ റിപ്പയർ | 90588 | 62/17-18/15.1.18 | 4529 |
| പ്രൊജക്ട് നം.207/18 എടിവണ്ണ പെരുവമ്പാടം റോഡ് | 37646 | 71/17-18/24.1.18 | 1882 |
| പ്രൊജക്ട് നം.183/18 ജി.എൽ.പി.സ്കൂൾ വെളിയന്തോട് റിപ്പയർ | 250000 | 80/17-18/12.2.18 | 12500 |
| പ്രൊജക്ട് നം.185/18 ജി.എൽ.പി.സ്കൂൾ കോണമുണ്ട റിപ്പയർ | 247491 | 87/17-18/26.2.18 | 12375 |
| പ്രൊജക്ട് നം.214/18 കളക്കുന്ന്-ജലനിധി ടാങ്ക് റിംഗ് റോഡ് | 46070 | 89/17-18/26.2.18 | 2304 |
| പ്രൊജക്ട് നം.188/18 ജി.യു.പി.സ്കൂൾ റിപ്പയർ എരഞ്ഞിമങ്ങാട് | 326363 | 94/17-18/3.3.18 | 16318 |
| പ്രൊജക്ട് നം.194/18 പണപ്പൊയിൽ ബദൽസ്കൂൾ റിപ്പയർ | 196000 | 96/17-18/15.3.18 | 9800 |
| പ്രൊജക്ട് നം.184/18 പാറക്കാട് അംഗൻവാടി ചുറ്റുമതിൽ | 97565 | 105/17-18/23.3.18 | 4878 |
| പ്രൊജക്ട് നം.181/18 ജി.എൽ.പി.സ്കൂൾ പെരുമ്പത്തൂർ അടുക്കള | 53986 | 104/17-18/15.3.18 | 2699 |
| പ്രൊജക്ട് നം.210/18 അകമ്പാടം ചിറ്റേങ്ങാട് റോഡ് സംരക്ഷണം | 49000 | 113/17-18/28.3.18 | 2450 |
| പ്രൊജക്ട് നം.164/18 പാറക്കാട് കോളനി കടിവെള്ള പദ്ധതി | 379139 | 2598431/2.3.18 | 18957 |

| | |
|---|---|
| ആകെ | 103681 |

ക്രമപ്രകാരമുള്ള VAT റിക്കവറി നടത്താത്തതിനാൽ 103681 രൂപ അധികചെലവുണ്ടായിട്ടുണ്ട്.ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനുശേഷം പിരിച്ചെടുത്ത വാറ്റ് അടവാക്കുന്നതിലുള്ള അവ്യക്തത ഉള്ളതിനാൽ തിരിച്ചടക്കാൻ നിർദ്ദേശിക്കുന്ന സമയത്ത് അടവാക്കിക്കൊള്ളാം എന്ന് മുദ്രപത്രത്തിൽ ഉടമ്പടി വച്ചതിനുശേഷം തുക മുഴുവനായി കൺവീനർമാർക്ക് അനുവദിച്ചു എന്നാണ് ബന്ധപ്പെട്ട എ.ഇ. വാക്കാൽ മറുപടി നൽകിയത്. ചീഫ് എഞ്ചിനീയറുടെ 16-03-2018ലെ ഡി.ബി.3-9058/17/സി.ഇ./തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം ഇതേ കാലയളവിൽ വാറ്റ് അടവാക്കേണ്ടതില്ലാത്തതിനാൽ എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജായി ഉൾപ്പെടുത്തിയതിൽ നിന്നും 5ശതമാനം ബില്ലിൽ നിന്നും കുറവ് ചെയ്ത തുക മാത്രം ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അനുവദിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.അധികം നൽകിയ തുക തിരിച്ചുപിടിക്കേണ്ടതാണ്.

## 3-5 പ്ലാക്കൽ ചോല സാംസ്കാരിക നിലയം-ഫണ്ട് വിനിയോഗത്തിലെ അനാസ്ഥ കാരണം ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ല.

പഞ്ചായത്ത് ഭരണസമിതിയുടെ 11.06.13 ലെ 64-ാം നമ്പർ തീരുമാന പ്രകാരം പ്ലാക്കൽചോല എസ്.ടി. കോളനിയിലെ അടിസ്ഥാന വികസനത്തിനും, സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിന് പട്ടിക വർഗ്ഗ വകുപ്പ് മന്ത്രിയോട് അപേക്ഷിക്കാൻ തീരുമാനമെടുക്കുകയുണ്ടായി. സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും 810000 രൂപയ്ക്ക് സാങ്കേതികാനുമതി (TS No.730/14-15/19.12.14) ലഭിക്കുകയും ചെയ്തു. പ്രവൃത്തി തുടങ്ങുന്നതിനായി ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും, കൺവീനറായി ശ്രീ.ബാലൻ S/O ചിന്നൻ എന്നവരെ തെരഞ്ഞെടുക്കുകയും ചെയ്തു. 38/12.1.15 പ്രകാരം എഗ്രിമെന്റ് വെച്ച പദ്ധതിക്ക് ITDP-കോർപ്പസ് ഫണ്ടായി 810000 രൂപ 491313/22.01.15 ചെക്ക് പ്രകാരം ലഭിച്ചു. പ്രവൃത്തി തുടങ്ങുന്നതിനായി 100000 രൂപ 741802/03.06.15 മുൻകൂർ അനുവദിച്ചു. എന്നാൽ 2016-17 വർഷാവസാനം മാത്രമാണ് പ്രവൃത്തി തുടങ്ങിയതെന്നു കാണുന്നു. കെട്ടിട നിർമ്മാണം പൂർത്തിയാക്കി 2017-18 വർഷത്തിൽ ബിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബിൽ അനുവദിച്ചതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യനിർണ്ണയം( നികുതികൾ അടക്കം)--------------640358-

KVAT 5%----------32018

IT 2%----------12807

KCWWF 1%-----6404

റീടെൻഷൻ 10%------ 64036

കൺവീനർക്ക് അനുവദിച്ചത്----------525093 (RTGS)

(ചെക്ക് നം.2598417/29.11.17—640358)

പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1—ഫണ്ട് ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിക്കാനുണ്ടായ കാലതാമസം വ്യക്തമാക്കേണ്ടതാണ്. അഡ്വാൻസ് നൽകിയതിനു ശേഷം ഒന്നര വർഷത്തിലധികം കഴിഞ്ഞതിനു ശേഷമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത് എന്നു കാണുന്നു. അളവു പുസ്തകത്തിൽ (290/16-17) ആദ്യത്തെ അളവു രേഖപ്പെടുത്തിയത് 05.01.2017 ന് മാത്രമാണ്.

2---മേൽ സൂചിപ്പിച്ച പ്രകാരം നൽകിയ അഡ്വാൻസ് വിനിയോഗിച്ചിട്ടില്ലയെന്ന് വ്യക്തമാണ്. ബില്ലിൽ നിന്നും അഡ്വാൻസ് കുറവു ചെയ്തിട്ടില്ല. മൂല്യനിർണ്ണയ പ്രകാരമുള്ള തുക കൺവീനർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അഡ്വാൻസ് തുക 12% പലിശയോടു കൂടി ഈടാക്കാതിരുന്നതിനു കാരണം വ്യക്തമാക്കേണ്ടതാണ്.

3---ചെയ്തിട്ടുള്ള പ്രവൃത്തിയിൽ കെട്ടിടത്തിന് ജനലും,വാതിലും,ടോയ്‌ലെറ്റ്,വയറിംഗ്,പ്ലമ്പിംഗ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടം ഉപയോഗപ്രദമായിട്ടില്ല.

4---ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചെലവു രേഖകൾ, ബില്ലുകൾ, മസ്റ്ററോൾ എന്നിവ കാണുന്നില്ല. ഗുണഭോക്തൃസമിതി മിനിറ്റ്സിലും ചെലവുകളുടെ വിവരമില്ല. 29.12.14 ന് നടന്ന ആദ്യയോഗത്തിന്റെ വിവരം

മാത്രമേയുള്ളൂ. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളിലുണ്ടാവുന്ന സുതാര്യത ഉണ്ടായിട്ടില്ലെന്നത് വ്യക്തമാണ്.

പദ്ധതിയുടെ നിർവ്വഹണത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്നു കാണുന്നു. പ്രവൃത്തി വൈകുന്നതിന്റെ കാരണം ചർച്ച ചെയ്യുകയോ, ആവശ്യമായ പരിഹാര നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 7 /13.7.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. 100000 രൂപ നാളിതു വരെയുള്ള കാലയളവു വരെ 12% പലിശ സഹിതം ഈടാക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 റോഡ് കോൺക്രീറ്റ് പ്രവൃത്തി -ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ,കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം,ക്വാറിമക്ക് (GSB) നിർത്തിയതിനു മുകളിൽ സോളിംഗ് 7.5 സെ.മീ, മെറ്റലിംഗ് 7.5സെ.മീ, അതിനുമുകളിൽ ടാറിംഗ് 2.5 സെ.മീറ്ററും ചേർത്ത് ആകെ 17.5 സെ.മീ കനമാണ് റോഡിനുള്ളത്. ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിന് വേണ്ടത്ര ഉറപ്പ് ഈ റോഡുകൾക്കുണ്ടെന്നിരിക്കേ, ഇതിലേറെ ഉറപ്പുള്ള കോൺക്രീറ്റ് റോഡ് 1:4:8 അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് 10 cm കനത്തിലും, 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cm കനത്തിലും ചെയ്തതായി കാണുന്നു. 1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിൽ ചെയ്തതിനു ശേഷം 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 5cm കനത്തിൽ ചെയ്താൽ തന്നെ ആവശ്യത്തിന് ഉറപ്പും, കട്ടിയും ലഭിക്കുന്നതാണ്. തികച്ചും ഗ്രാമീണറോഡുകൾ/നടപ്പാതകൾ ആയതിനാൽ ഭാരമേറിയവാഹനങ്ങൾ കടന്നു പോകാൻ സാധ്യത കുറവായതിനാൽ, മേൽപ്പറഞ്ഞ പ്രകാരം, കോൺക്രീറ്റ് ചെയ്തത് പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവുണ്ടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ, തസ്വഭവ, ചീഫ് എഞ്ചിനീയർ, കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കയച്ച നം.ഡിബി4/9099/2015/സി.ഇ/തസ്വഭവ തീ.28.09.2015 കത്ത് പ്രകാരം നടപ്പാതകൾക്ക് 1:4.8cc 10സെ.മീ.കനത്തിലും.1:2.4cc 5സെ.മീ.കനത്തിലും ചെയ്യാവുന്നതാണെന്നും, വാഹനഗതാഗതം കൂടുതലുള്ള നടപ്പാതകൾക്ക് സബ് ഗ്രേഡിന്റെ ഉറപ്പു കൂടി പരിഗണിച്ച് 1:4.8cc 10 മുതൽ 15 സെ.മീ.വരെ കനത്തിലും, 1:2.4cc, 5സെ.മീ. മുതൽ 7.5 സെ.മീ.വരെ കനത്തിലും ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളിലും 1:4:8cc, 10 cm കനത്തിലും, 1:2:4cc, 7.5cm കനത്തിലുമാണ് ചെയ്തിട്ടുള്ളത്. സബ് ഗ്രേഡിന്റെ ഉറപ്പ് കൂടുതൽ ആവശ്യമുള്ള/ കോൺക്രീറ്റ് ചെയ്യേണ്ട ആവശ്യകത സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലോ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സിലോ ഇക്കാര്യം ചർച്ച ചെയ്യുകയോ, തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ,അനാവശ്യമായ സാമ്പത്തിക നഷ്ടം പഞ്ചായത്തിന് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ( നം. 6/13.7.2017)

## 3-7 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - വിവിധ അപാകതകൾ .

1). അർഹത ഉറപ്പ് വരുത്തിയില്ല.

2017-18 വാർഷിക പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം,[സർക്കാർ ഉത്തരവ് (എം.എസ്)നം.80/2017 /തസ്വഭവ. തീയതി 03-09-2017 ഖണ്ഡിക 2-12, 2-13] ഗുണഭോക്താക്കളുടെ വാർഷിക വരുമാനം പൊതുവിഭാഗത്തിൽ ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് രണ്ടു ലക്ഷം രൂപ വരെയും ബി.പി.എൽ ആയി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണെങ്കിലും മേൽപ്പറഞ്ഞതിൽ കൂടുതൽ വരുമാനമുള്ള കുടുംബത്തിന് ബി.പി.എൽ വിഭാഗത്തിനുള്ള ആനുകൂല്യം നൽകാൻ പാടില്ല. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല. വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തിയതോ / നിർവ്വഹണ

ഉദ്യോഗസ്ഥർ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയതോ ആയിരിക്കണം. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിലൊന്നും ഇപ്രകാരമുള്ള അർഹത ഉറപ്പുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് |
|---|---|---|
| 1 | 3 | ഹരിത കേരളം - സമഗ്ര നെൽകൃഷി വികസനം |
| 2 | 4 | ഹരിത കേരളം - സമഗ്ര പച്ചക്കൃഷി വികസനം - വനിതകൾക്ക്. |
| 3 | 33 | ഹരിത കേരളം - കുറ്റികുരുമുളക് തൈ വിതരണം. |
| 4 | 196 | ഹരിത കേരളം - കിണർ റീചാർജിംഗ് |

2). പദ്ധതി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 33 |
| പ്രൊജക്ടിന്റെ പേര് | ഹരിത കേരളം - കുറ്റികുരുമുളക് തൈ വിതരണം. |
| ബിൽ നമ്പർ / തിയ്യതി | 4/2017-18 |
| തുക | 50,000 |

ഗ്രാമപഞ്ചായത്തിലെ അർഹരായ കർഷകർക്ക് ഗ്രോബാഗിലുള്ള കുറ്റി കുരുമുളക് തൈകൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. എന്നാൽ തുക പിൻവലിച്ച് ചുങ്കത്തറ ജില്ലാ കൃഷി ഫാമിലേക്ക് നൽകിയിട്ടുണ്ടെങ്കിലും തൈകൾ ഇന്നേവരെ വിതരണം ചെയ്തിട്ടില്ല.

3). ഗുണഭോക്തൃ വിഹിതം ഈടാക്കി - പദ്ധതി നടപ്പിലായില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 28 |
| പ്രൊജക്ടിന്റെ പേര് | ഹരിത കേരളം - തെങ്ങിൻ തൈ വിതരണം. |

കർഷകർക്ക് തെങ്ങിൻ തൈ വിതരണം ചെയ്യുന്നതിനുള്ള ഈ പ്രൊജക്ടിന് വേണ്ടി 175 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമായി 32 രൂപ വീതം ആകെ 5600 രൂപ ഈടാക്കി തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിത് വരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുകയോ മോണിറ്ററിംഗ് സമിതി എന്ന നിലയിലുള്ള അവയുടെ പ്രവർത്തനം നിർവ്വഹിക്കുകയോ ചെയ്തു കാണുന്നില്ല. പദ്ധതി പൂർത്തീകരണം സാധ്യമാകാത്തതിന്റെ കാരണം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ നിർവഹണത്തിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.7/13.07.2018)

## **3-8** പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം -സമഗ്ര വിദ്യാഭ്യാസ സഹായപദ്ധതി (ടി.എസ്.പി )- പദ്ധതി നിർവ്വഹണത്തിലെ അപാകത

2017 -18 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം -സമഗ്ര വിദ്യഭ്യാസ സഹായപദ്ധതി (ടി.എസ്.പി ), പദ്ധതിയുടെ ഭാഗമായി 3വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ രണ്ട് വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും ( ഇ- ഗ്രാന്റ്) ലഭിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന സ്ഥാപനം / കോഴ്സ്, അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | ആരതി.പി.ജി | ഗവ.കോളേജ് ഓഫ് | ഇ- ഗ്രാന്റ്സ് അനുവദിച്ചിട്ടുണ്ട്. |

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന സ്ഥാപനം / കോഴ്സ്, അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| | | നഴ്സിംഗ്, കളമശ്ശേരി, ബി.എസ്.സി നേഴ്സിംഗ് 3- ാം വർഷം<br>15000/- രൂപ | ( ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ,മൂവാറ്റുപുഴ നൽകിയ 27.02.2018 ലെ ഡി - 2849/16 നമ്പർ സാക്ഷ്യപത്രം) |
| 2 | നിബില ഈർച്ചതടപ്പൊട്ടി | എം.ഇ.എസ് മമ്പാട് കോളേജ്, ബി.എ. എക്കണോമിക്സ് 5- ാം സെമസ്റ്റർ<br>15000/- | ഇ- ഗ്രാന്റ്സ് അനുവദിച്ചിട്ടുണ്ട്.<br>(നിലമ്പൂർ ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസറുടെ 10.07.2017 ലെ 5590/17 നമ്പർ സാക്ഷ്യപത്രം) |

2017-18 വാർഷിക പദ്ധതി സബ്സിഡി മാർഗ്ഗരേഖ (ജി.ഒ (എം.എസ്)നം-80/2017 ത.സ്വ.ഭ.വ തീയതി 03.04.2017) പ്രകാരം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല എന്നിരിക്കേ ആരതി.പി.ജി, നിബില ഈർച്ചതടപ്പൊട്ടി എന്നിവർക്ക് സ്കോളർഷിപ്പ് അനുവദിച്ചതായി കാണുന്നു. ഇപ്രകാരം തുക അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 15/ 18.07. 2018 നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.പോസ്റ്റ് മെട്രിക് സ്കോളർഷിപ് (ഇ-ഗ്രാന്റ് ) ലഭിച്ചുവരുന്ന വിദ്യാർത്ഥികളും സ്കോളർഷിപ് നൽകാവുന്നതാണ് എന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. ആയത്ലഭ്യമാക്കുന്നതുവരെ ചെലവുതുക 30000/-രൂപ തടസ്സം ചെയ്യുന്നു.

## 3-9 ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമായില്ല

| പ്രൊജക്ട് നമ്പർ | 18/18 | 19/18 |
|---|---|---|
| വിനിയോഗിച്ച തുക | 4,00,000/- രൂപ | 4,50,000 |
| ബിൽ നമ്പർ / തിയ്യതി | 1/17-18 തിയ്യതി. 18.09.2017 | 3/17-18 തിയ്യതി. 23.02.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ഡിസ്പെൻസറി, ചാലിയാർ. | |

പ്രൊജക്ട് നമ്പർ 18/18 (ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ), പ്രൊജക്ട് നമ്പർ 19/18 (വയോമിത്രം - ആയുർവ്വേദം) എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം 4,00,000 രൂപ, 4,50,000 രൂപ എന്നിങ്ങനെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധിക്ക് നൽകിയിട്ടുണ്ട് . എന്നാൽ രണ്ട് പ്രൊജക്ടുകളിൽ നിന്നുമായി 5,82,155 രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ലഭ്യമായിട്ടുള്ളത്. ബാക്കി 2,67,845 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.01/10.07.2018) ഔഷധി മാർക്കറ്റിംഗ് മാനേജരുമായി ബന്ധപ്പെട്ട് മരുന്ന് ഉടൻ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ആരോഗ്യ-വിദ്യഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ സ്വീകരിച്ച് പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പ് വരുത്തേണ്ടതാണ്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കുന്നത് വരെ 2,67,845 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-10 ഹെമറ്റോളജി അനലൈസർ -അധികം വില നൽകിയത് സംബന്ധിച്ച്.

ഹെമറ്റോളജി അനലൈസർ -അധിക വില നൽകിയത് സംബന്ധിച്ച്.

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പി.എച്ച്.സി ലാബ് ഡ്രസ്സിംഗ് റൂം നവീകരണം എന്ന പ്രൊജക്ടിന്റെ ഭാഗമായി റോഡിതര സംരക്ഷണ ഗ്രാന്റ് 253583 രൂപ ചെലവഴിച്ച് റാപ്പിഡ് ഡയൊഗ്നൈസിസ്

പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിൻ എന്ന സ്ഥാപനത്തിൽനിന്നും നേരിട്ട് ഹെമറ്റോളജി അനലൈസർ വാങ്ങിയിട്ടുണ്ട്. തുക 253583 രൂപ ട്രഷറി ബിൽ 2/11.8.17 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായുള്ള റണ്ണിംഗ് കോൺട്രാക്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥാപനത്തിൽനിന്നും വാങ്ങിയിട്ടുള്ളത്. റണ്ണിംഗ് കോൺട്രാക്റ്റ് പ്രകാരമുള്ള വിലയും റാപ്പിഡ് ഡയൊഗ്നൈസിസ് ഈടാക്കിയ വിലയും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസമുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

റണ്ണിംഗ് കോൺട്രാക്റ്റ് പ്രകാരമുള്ള വില

| | |
|---|---|
| യൂണിറ്റ് റേറ്റ് | 199083.00 |
| ജി.എസ്.റ്റി | 35834.94 |
| സർവ്വീസ് ചാർജ്ജ് (കെ.എം.സി.എസ്.എൽ വഴി വാങ്ങുന്നതിനു മാത്രം) | 16444.26 |
| ആകെ | 251362 |

ഇൻവോയിസ് RD/GST/102/17-18 dated 22.07.2017 പ്രകാരം റാപ്പിഡ് ഡയൊഗ്നൈസിസ് ഈടാക്കിയ വില വിവരം.

| | |
|---|---|
| സെൽ കൗണ്ടർ | 214900.00 |
| CGST | 19341.09 |
| SGST | 19341.09 |
| ആകെ | 253582.18 |

റണ്ണിംഗ് കോൺട്രാക്റ്റ് പ്രകാരമുള്ള യൂണിറ്റ് റേറ്റ് ആയ 199083 രൂപക്ക് പകരം ക്ലേയിം ചെയ്ത 214900 രൂപ സ്ഥാപനത്തിനു നൽകുക വഴി ഗ്രാമപഞ്ചായത്ത് ഫണ്ടിനു 15817 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അധികം നൽകിയ 15817 രൂപ റാപ്പിഡ് ഡയൊഗ്നൈസിസിൽനിന്നും ഈടാക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കുന്നത്വരെ മെഡിക്കൽ ഓഫീസറുടെ ബാധ്യതയായിരിക്കുന്നതാണ്.

## 3-11 ആശ്രയ പദ്ധതി-ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിച്ചില്ല

2015-2018 കാലയളവിലേക്കുള്ള 2 പദ്ധതികളാണ് നിലവിലുണ്ടായിരുന്നത്. ഒന്നാം ഘട്ടത്തിന്റെ തുടർസേവന പ്രൊജക്ടും (അടങ്കൽ-549440) രണ്ടാം ഘട്ട പ്രൊജക്ടും (അടങ്കൽ-1405040). പദ്ധതികൾ രണ്ടും ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാതെ അവസാനിച്ചതായാണ് കാണുന്നത്. രണ്ടു പ്രൊജക്ടുകളിൽ നിന്നും നാമമാത്രമായ ചെലവു മാത്രമാണ് 2017-18 ൽ നടന്നിട്ടുള്ളത്. ചെലവു വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് | വീട്ടു നിർമ്മാണം | ഭക്ഷണം | മരുന്ന് |
|---|---|---|---|
| തുടർസേവന പ്രൊജക്ട് | 35500 | 27000 | - |
| രണ്ടാം ഘട്ട പ്രൊജക്ട് | 450000 | 58000 | 6245 |

തുടർസേവന പ്രൊജക്ടിന് മേൽപ്പറഞ്ഞ പ്രകാരം 62500 രൂപ മാത്രമാണ് ചെലവ് നടന്നിട്ടുള്ളത്. ലഭ്യമായ തുകയിൽ 486940 രൂപയും ചെലവു ചെയ്യാതെ അവശേഷിക്കുന്നു. രണ്ടാം ഘട്ട പ്രൊജക്ടിലും ഭീമമായ തുക ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പദ്ധതിക്കായി തുടങ്ങിയ ബാങ്ക് അക്കൌണ്ടിൽ (A/c No.8029 കെ.ജി.ബി, അകമ്പാടം) 01.05.2018 ന് 1814372 രൂപ അവശേഷിക്കുന്നുണ്ട്. ആവശ്യത്തിന് ഫണ്ട് ലഭ്യമായിരുന്നിട്ടും നിരാലംബരും, ദരിദ്രരുമായ ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാതിരുന്നത് നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പിന്റെ പുരോഗതി, പ്രശ്നങ്ങൾ എന്നിവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ.(എം.എസ്) നം.252/2017/തസ്വഭവ 12.12.2017-അഗതി രഹിത കേരളം- മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ചാണ് പദ്ധതി തയ്യാറാക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച്

ഫലപ്രദമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| നിലമ്പൂർ ബ്ലോക് പഞ്ചായത്ത് | 425000 | 3/18 ഹരിത കേരളം നെൽകൃഷി വികസനം | 425000 | 0 |
| | 85000 | 4/18 ഹരിത കേരളം പച്ചക്കറി കൃഷി വികസനം | --- | 85000 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 300000 | 36/18 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 500000 | 218/18 മുട്ടിയേൽ അംഗനവാടി കെട്ടിട നിർമ്മാണം | 0 | 500000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനു കെ.എസ്.ഇ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്തത് | വൗച്ചർ നമ്പർ 21700999/ 15-03-2018 | 1507500 | 0 | 1507500 | പൂർത്തീകരിച്ചില്ല. |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|

| നം. | | | | | മുതൽ | പലിശ | |
|---|---|---|---|---|---|---|---|
| 1 | ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാ) നം 1160/2010/തസ്വഭവ. തിയ്യതി:30.03.2010 | 7850000 | 1234757 | 1234757 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 2948/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2011-12, 2012-13 | 2(3) | 501 | മുകുന്ദൻ,ബിന്ദു,സലീന | 117040100456/20.6.2017 |
| 2016-17 | 2(2) | 2447 | അബൂബക്കർ. എം.കെ | 117040101422/23.10.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2007-08 | 2011-12 അനുബന്ധം 9 | മരാമത്ത് വർക്കുകളുടെ അവലോകനം. | -- |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം -

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ, തിയ്യതി. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| 2007- 08 | 3-7 | LF 8584/ Spl.cell/SCD1/12 26.9.14 | k.k.മുഹമ്മദ് ഷരീഫ് സെക്രട്ടറി. | 18680 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69202468 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81497228 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 219498 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 267845+30000 =297845 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 103681 | ശ്രീമതി ഹസീന. എൻ.കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | | 100000 + 12% നിരക്കിൽ പലിശ | ശ്രീമതി ഹസീന. എൻ.കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-10 | | 15817 | ഡോ. അനൂപ്. ടി. മെഡിക്കൽ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 30000 | ശ്രീമതി ബേബി.പി.ജോർജ്, ഹെഡ്മിസ്ട്രസ്സ് |
| 3-9 | 267845 | ഡോ. ബീന. ആയുർവേദ മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹസീന. എൻ.കെ. അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, ചാലിയാർ ഗ്രാമപഞ്ചായത്ത് | താഴെപറമ്പൻ ഹൌസ്<br>ചന്തക്കുന്ന് .പി.ഒ<br>നിലമ്പൂർ. മലപ്പുറം ജില്ല. |
| ഡോ. അനൂബ് മെഡിക്കൽഓഫീസർ, പി.എച്ച്.സി. | പി.എച്ച്.സി.മെഡിക്കൽ ഓഫീസർ, ചാലിയാർ ഗ്രാമപഞ്ചായത്ത് | അനർ നിവാസ്, നിലമ്പൂർ.ആർ.എസ്(പി.ഒ. ) നിലമ്പൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1996-97<br>(ജെ.ആർ.വൈ) | എൽ.എഫ്.എം.13/1239/1999 തി.09.11.1999 | 2 | |
| 1996-97 | എൽ.എഫ്.എം.13/1227/1999 തി.09.02.2000 | 17 | |
| 1997-98(സ്പെ.റിപ്പോർട്ട്) | എൽ.എഫ്.എം.13/1316/1999(1) തി.05.02.2003 | 113 | |
| 1998-99 | എൽ.എഫ്.എം.5/2137/09 തി.18.08.2010 | 6 | |
| 1999-00 | എൽ.എഫ്.എം.5/2137/09 തി.18.08.2010 | 13 | |
| 2000-01 | എൽ.എഫ്.എം.5/612/08 തി.18.08.2010 | 23 | |
| 2001-02 | എൽ.എഫ്.എം.5/2137/09 തി.18.08.2010 | 2 | |
| 2002-03 | എൽ.എഫ്.എം.5/2137/09 തി.18.08.2010 | 8 | |
| 2003-04 | എൽ.എഫ്.എം.5/2137/09 തി.18.08.2010 | 17 | |
| 2004-05 | എൽ.എഫ്.എം.5/1132/2010 തി.29.07.2011 | 12 | |
| 2005-06 | എൽ.എഫ്.എം.5/1132(എ)/2010 തി.04.08.2011 | 17 | |
| 2006-07 | എൽ.എഫ്.എം.5/166/2011തി.28.05.2012 | 15 | |
| 2007-08 | എൽ.എഫ്.എം.5/61/2012തി.04.02.2012 | 25 | |
| 2008-09 | എൽ.എഫ്.എം.5/62/2012 തി.27.07.2012 | 25 | |
| 2009-10<br>2010-11 | എൽ.എഫ്.എം.5/386/2013 തി:27.03.2012 | 27 | |
| 2011-12<br>2012-13 | എൽ.എഫ്.എം.5/1601/2014 തി:18.10.2014 | 24 | |
| 2013-14<br>2014-15 | എൽ.എഫ്.എം.5/1628/2016 തി:14.07.2016 | 23 | |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3083/2016 തി:10.11.2016 | 23 | |
| 2016-17 | കെ.എസ്.എ.എം.പി.എം.5/1433/2017 തി:22.08.2017 | 22 | |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.5 /1989/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ - 676 505, ഫോൺ : 0483 2734951
ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :08-10-2018

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 31.03.2018 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.